## ശബരിമല ആദിവാസികൾക്ക്

ശബരിമലയിൽ സ്ത്രീ പ്രവേശം ഉറപ്പാക്കുന്ന സുപ്രീംകോടതി വിധി വന്നതോടെ ഭരണഘടനയ്ക്ക് മുകളിലാണ് ആചാരങ്ങൾ എന്ന് സ്ഥാപിക്കുന്നതിനുള്ള രാഷ്ട്രീയ നീക്കം കേരളത്തിൽ ശക്തിപ്പെടുകയാണ്. ആദിവാസികളുടെയും ദലിതരുടെയും മണ്ണും വനവും വിശ്വാസ കേന്ദ്രങ്ങളും പിടിച്ചെടുത്തും വനാവകാശങ്ങൾ അട്ടിമറിച്ചുമാണ് ഇവർ കേരളത്തിൽ കലാപം പടർത്തുന്നത്. ഇതിനെതിരെ ആദിവാസികളുടെ അവകാശങ്ങൾ കൂടി ഉറപ്പുവരുത്തുന്ന ഒരു സമരം ശബരിമല വിഷയത്തിൽ രൂപപ്പെട്ടുവരേണ്ടതുണ്ട്.

**ഒരു സംവാദം...**

# ബ്രാഹ്മണ്യവിരുദ്ധ പ്രസ്ഥാനമായി ഈ സമരം അടയാളപ്പെടുത്തണം

കേരള സമൂഹത്തെ ഡീബ്രാഹ്മണൈസ് ചെയ്യാനുള്ള ഒരു ബ്രാഹ്മണ്യവിരുദ്ധ പ്രസ്ഥാനമായി 'ശബരിമല ആദിവാസികൾക്ക്' എന്ന ഈ മൂവ്മെന്റ് മാറേണ്ടതുണ്ട്. അതാണ് നമ്മുടെ ആത്യന്തികലക്ഷ്യം. ആദിവാസികളുടെ അവകാശങ്ങളും സ്ത്രീകളുടെ തുല്യതയും സാധ്യമാകണമെങ്കിൽ ഡീ ബ്രാഹ്മണൈസേഷൻ നടക്കേണ്ടതുണ്ട്. അതിന്റെ പ്രോജ്ജ്വലമായ തുടക്കമാണ് തന്ത്രികൾ പടിയിറങ്ങുക എന്ന വാക്യം.

**■ സണ്ണി എം. കപിക്കാട്**

2018 ഡിസംബർ 9ന് പത്തനംതിട്ടയിൽ വച്ച് നടന്ന 'ശബരിമലയിലെ യഥാർത്ഥ അവകാശികൾ ആര്?' എന്ന സംവാദത്തിൽ നടത്തിയ സംഭാഷണം.

**കേരളത്തിലെ** ആദിവാസികൾ ശബരിമലയുടെ മേൽ അവകാശവാദം ഉന്നയിക്കുമ്പോൾ സമകാലീന കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന സാമൂഹ്യ-രാഷ്ട്രീയ വ്യവഹാരങ്ങളിൽ ഇടപെടുകയാണ് അവർ ചെയ്യുന്നത്. സമകാലിക കേരള ചരിത്രത്തിൽ ഞങ്ങൾ പ്രധാനപ്പെട്ട ഒരു സോഷ്യൽ ഏജൻസിയാണെന്നും ഈ ഭൂമിയുടെ മേൽ അവകാശവാദമുള്ളവരാണെന്നുമാണ് പറയുന്നത്. അങ്ങനെ പറയുന്നതിലൂടെ കേരളത്തിൽ ശബരിമലയുമായി ബന്ധപ്പെട്ട് നടക്കുന്ന സംവാദങ്ങളെയും പ്രക്ഷോഭങ്ങളെയും ഗുണപരമായി സ്വാധീനിക്കാൻ ആദിവാസികൾക്ക് കഴിഞ്ഞിരിക്കുന്നു. സുപ്രീംകോടതി വിധിയിലൂടെ ശബരിമല ഒരു പബ്ലിക് സ്പെയ്സ് ആയി പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണ്. അതിനെ എതിർക്കുന്ന പ്രബല സാമുദായിക സംഘടനകളുടെ നീക്കങ്ങൾക്കെതിരായി കേരളത്തിൽ ഒരു ആന്റി ബ്രാഹ്മണിക്കൽ നിലപാട് സ്വീകരിച്ചിട്ടുള്ളത് കേരളത്തിലെ കീഴാള ജനതയാണ്. ഒന്ന്, പുന്നല ശ്രീകുമാറും വെള്ളാപ്പിള്ളിയും സി.കെ. ജാനുവും എല്ലാം ഉൾപ്പെടുന്ന ഒരു ധാര അതിനെതിരായി നിന്നു. മറ്റൊന്ന്, കേരളത്തിലെ ഒരുകൂട്ടം സ്ത്രീകൾ ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന തുല്യനീതിയുടെ പ്രശ്നം ഉന്നയിച്ച് രംഗത്ത് വരികയും ചെയ്തു. ഇത് രണ്ടും ബ്രാഹ്മണിസത്തിനെതിരെയും ബ്രാഹ്മണിക്കൽ പാട്രിയാർക്കിക്കെതിരെയും ഉള്ള മൂവ്മെന്റുകളായി മാറി. കേവലമായ പുരുഷാധിപത്യത്തെക്കുറിച്ചല്ല, ബ്രാഹ്മണിക്കൽ പാട്രിയാർക്കിയുടെ പ്രശ്നം തന്നെയാണ് അവർ ഉയർത്തിക്കാണിക്കുന്നത്. ഈ ഘട്ടത്തിൽ തന്നെയാണ് കേരളത്തിലെ ആദിവാസി സമൂഹം ശബരിമല ഞങ്ങളുടേതാണെന്ന വാദം ഉന്നയിച്ച് മുന്നോട്ടുവരുന്നത്. ഞങ്ങൾ കാലാകാലങ്ങളായി അവിടെ പൂജ ചെയ്തിരുന്നവരാണെന്നും ആ അവകാശങ്ങൾ അംഗീകരിക്കപ്പെടണമെന്നും പറയുന്നുണ്ട്. അത് നടക്കുമോ എന്നതിനേക്കാൾ പ്രധാനം രാഷ്ട്രീയമായ ഒരു പ്രസ്താവന കേരളത്തിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. ആ പ്രസ്താവന സൃഷ്ടിച്ച അന്തരീക്ഷം വളരെ വലുതാണ്. ആദിവാസികളുടെ ആ അവകാശവാദത്തിന് കേരളീയ സമൂഹത്തിന്റെ വലിയരീതിയിലുള്ള പിന്തുണ ലഭിക്കുകയുണ്ടായി. കേരളത്തെ ബ്രാഹ്മണ്യമുക്തമാക്കുന്നതിനുള്ള ഒരു പ്രസ്ഥാനമായി അത് മാറുന്നു. മലയരയരുടെ മാത്രം അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടാൽ പോരാ, ശബരിമലയിൽ ഏതെല്ലാം ആദിവാസി ജന

വിഭാഗങ്ങൾക്ക് അവകാശമുണ്ടോ അവരുടെയെല്ലാം അവകാശങ്ങൾ ഉറപ്പിക്കപ്പെടണം എന്ന വിശാലമായ ഒരു കാഴ്ച്ചപ്പാട് 'ശബരിമല ആദിവാസികൾക്ക്' എന്ന സമരമുദ്രാവാക്യത്തിനുണ്ട്. ഇത് കോടതി നടപടികളിലേക്ക് പോകുമ്പോൾ തെളിവ് ആയിരിക്കും പ്രധാനമായി വരാൻ പോകുന്നത്. നമ്മുടെ ചരിത്രരചനാ സമ്പ്രദായത്തിന്റെ പ്രശ്നം കാരണം ആദിവാസികൾക്ക് ശബരിമലയിൽ ഉണ്ടായിരുന്ന അവകാശത്തെക്കുറിച്ചൊന്നും ചരിത്രരചനകളിൽ ഉണ്ടാകില്ല. ചരിത്രമെന്നത് ചെമ്പുപട്ടയങ്ങളുടെയും ശിലാലിഖിതങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രം മനസ്സിലാക്കപ്പെടേണ്ടതല്ല. ലോകത്തെമ്പാടുമുള്ള ആദിവാസി ജനവിഭാഗങ്ങൾ ഓർമ്മകളെ ഒരു പ്രധാനപ്പെട്ട വിഭവമായി ചരിത്രരചനയിൽ ഉപയോഗിക്കുന്നുണ്ട്. അതാണ് ഇവിടെയും പ്രധാനം. എന്നാൽ കേരളം ഭീതിജനകമായ ഒരു സാഹചര്യത്തിൽ കൂടി കടന്നുപോയിട്ടും കേരളത്തിലെ ചരിത്രകാരന്മാർ മിക്കവരും തലയെടുപ്പോടെ അതിനെ നേരിടാൻ തയ്യാറായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. അതിന് ഞാൻ മനസ്സിലാക്കുന്ന കാരണം ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന സമത്വത്തിന്റെയും നീതിയുടെയും ഭാവനയെയോ, നവോത്ഥാന ആശയങ്ങൾ പ്രാഥമികമായെങ്കിലും മുന്നോട്ടുവച്ച നീതിബോധത്തെയോ പിൻപറ്റുന്ന തരത്തിലുള്ള ചരിത്രരചന കേരളത്തിൽ ഇല്ല എന്നതാണ്. കേരളത്തിലെ മിക്ക ചരിത്രപുസ്തകങ്ങളും ക്ഷേത്രങ്ങളുടെയും സവർണ്ണ സമൂഹങ്ങളുടെയും രൂപീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് എഴുതിയിട്ടുള്ളത്. ഉദാഹരണത്തിന് തിരുവല്ല ക്ഷേത്രത്തിൽ സൂക്ഷിച്ചിരുന്ന പഴയ രേഖകളെ ആശ്രയിച്ച് ഒരാൾ ചരിത്രമെഴുതിയാൽ തിരുവല്ലയുടെ പരിസരങ്ങളിൽ ജീവിച്ച പറയന്റെയോ പുലയന്റെയോ ജീവിതം അതിൽ കാണില്ല എന്നതാണ് യാഥാർത്ഥ്യം. അതെല്ലാം മാത്രം അവലംബിച്ച് ചരിത്രരചന നടത്തിയവരാണ് സമൂഹം പ്രതിസന്ധിയിലായപ്പോൾ നിശബ്ദരായത്. തലമുറകൾ കൈമാറിയ ഓർമ്മകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചരിത്രരചന എന്നത് ഒരു രണ്ടാംതരം കാര്യമല്ല.

ഭരണഘടന കുഴപ്പമാണ്, സ്റ്റേറ്റ് കുഴപ്പമാണ് എന്നൊക്കെ പറയുന്നവർ പിന്നെ എന്ത് തിരിച്ചുവരണം എന്നാണ് ആഗ്രഹിക്കുന്നത്? ആധുനികത തന്നെ കുഴപ്പമാണ് എന്ന് പറയുന്നവർ പഴയൊരു സമൂഹത്തെയാണ് ആനയിക്കാൻ ശ്രമിക്കുന്നത്. അതിന് നിന്നുകൊടുക്കേണ്ട കാര്യമില്ല. നീതിയുടെ പക്ഷത്ത് നിന്നുകൊണ്ട് എല്ലാ മനുഷ്യർക്കും ജീവിക്കാൻ കഴിയുന്ന ഒരു ഭൗതികാന്തരീക്ഷം ഉണ്ടാവുകയാണ് വേണ്ടത്. ഭരണഘടന അതാണ് ഉറപ്പുവരുത്തുന്നത്.

കേരളത്തെ പത്തൊമ്പതാം നൂറ്റാണ്ടിലേക്ക് കൊണ്ടുപോകുന്നു എന്നതരത്തിൽ ഈ കാര്യങ്ങളെ കാണുന്നവരുണ്ട്. അങ്ങനെയല്ല കാര്യങ്ങളെ കാണേണ്ടത്. കേരളത്തിൽ ഇപ്പോഴും പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിക്കുന്ന മനുഷ്യരുണ്ട് എന്നതാണ് നമ്മൾ മനസ്സിലാക്കേണ്ടത്. അവരെല്ലാം വലിയ പ്രമാണിമാരായതുകൊണ്ട് അവർ ഇരുപത്തൊന്നാം നൂറ്റാണ്ടിലാണ് ജീവിക്കുന്നതെന്ന് അവർക്ക് തോന്നുന്നെന്ന് മാത്രം. അങ്ങനെ കുറേയാളുകൾ നമുക്കിടയിൽ ജീവിക്കുന്നുണ്ട്. അവരെ മാറ്റിനിർത്തുന്നതിനും നീതിയുടെ പക്ഷം കേരളത്തിൽ ഉറപ്പിക്കാനും കഴിയണം. ശബരിമല ക്ഷേത്രത്തിന്റെ മുകളിൽ മാത്രമല്ല ആദിവാസികൾ അവകാശം ഉന്നയിക്കുന്നത് എന്നതും ശ്രദ്ധേയമാണ്. 18 മലകളിലുമുള്ള അവകാശത്തെക്കുറിച്ചാണ് അവർ സംസാരിക്കുന്നത്. കേരളത്തിൽ ചവിട്ടി അമർത്തപ്പെട്ട ഒരു ജനത ഇത്തരത്തിൽ ഒരു അവകാശവാദം ഉന്നയിച്ച് മുന്നോട്ടുവരുമ്പോൾ തെളിവുകൾക്കപ്പുറം പ്രാധാന്യം അതിനുണ്ട്. അതാണ് പ്രാഥമികമായ കാര്യം. കോടതി നടപടികളിൽ നമ്മൾ വിജയിക്കുമോ എന്നത് രണ്ടാമത്തെ കാര്യമാണ്. ആദിമജനസമൂഹത്തെ വികസിതം എന്ന് വിളിക്കുന്ന കേരളീയ സമൂഹം എത്ര നീതിപൂർവ്വമായിട്ടാണ് നോക്കിക്കാണുന്നത് എന്ന ചോദ്യമാണ് മർമ്മപ്രധാനം. ബ്രാഹ്മണ്യം ശബരിമലയിൽ നിന്നും പടിയിറങ്ങണം എന്ന് പറയുമ്പോൾ അതിന്റെ പ്രാധാന്യം കൂടുകയാണ്. 18 മലകളിൽ അവകാശം ഉന്നയിക്കുമ്പോൾ വേറൊരു രാജ്യം ഉണ്ടാക്കും എന്നൊന്നുമല്ല ആദിവാസികൾ പറയുന്നത്. ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന വനാവകാശ നിയമം നടപ്പിലാക്കണം എന്നാണ് അതിനർത്ഥം. ഭരണഘടനാ മൂല്യങ്ങൾ ഈ ജനവിഭാഗങ്ങൾക്ക് കൂടി ലഭ്യമാകുന്ന തരത്തിൽ വിനിയോഗിക്കണം എന്ന കാര്യമാണ് അവർ പറയുന്നത്. ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്ന് പറയുമ്പോൾ നമ്മൾ സ്റ്റേറ്റിന് വേണ്ടി വാദിക്കു

ന്നവരാണ് എന്ന് പറയാറുണ്ട്. പ്രശ്നം അതല്ല. ജനതയ്ക്ക് തുല്യത വാഗ്ദാനം ചെയ്യുന്ന ഒരു നിയമപുസ്തകം എന്ന നിലയ്ക്ക്, ഇന്ത്യൻ രാഷ്ട്രീയത്തിലെ നീതിയുടെ വിതരണത്തെ സംബന്ധിച്ച് കൃത്യമായ വിവക്ഷകളുള്ള ഒരു നിയമഗ്രന്ഥം എന്ന നിലയ്ക്ക് ഭരണഘടനയോട് നമ്മൾ ഒരു സമീപനം സ്വീകരിക്കുകയാണ് ചെയ്യുന്നത്. ഭരണഘടന കുഴപ്പമാണ്, സ്റ്റേറ്റ് കുഴപ്പമാണ് എന്നൊക്കെ പറയുന്നവർ പിന്നെ എന്ത് തിരിച്ചുവരണം എന്നാണ് ആഗ്രഹിക്കുന്നത്? ആധുനികത തന്നെ കുഴപ്പമാണ് എന്ന് പറയുന്നവർ പഴയൊരു സമൂഹത്തെയാണ് ആനയിക്കാൻ ശ്രമിക്കുന്നത്. അതിന് നിന്നുകൊടുക്കേണ്ട കാര്യമില്ല. നീതിയുടെ പക്ഷത്ത് നിന്നുകൊണ്ട് എല്ലാ മനുഷ്യർക്കും ജീവിക്കാൻ കഴിയുന്ന ഒരു ഭൗതികാന്തരീക്ഷം ഉണ്ടാവുകയാണ് വേണ്ടത്. ഭരണഘടന അതാണ് ഉറപ്പുവരുത്തുന്നത്. ഇന്ത്യൻ നിയമങ്ങൾ തരുന്ന നിയമസംരക്ഷണം എല്ലാവർക്കും ലഭ്യമാകണം എന്ന ജനാധിപത്യ സങ്കൽപ്പം കൂടി അതിലുണ്ട്.

ഹിന്ദുക്കൾക്കായി കേരളത്തിൽ ക്ഷേത്രമില്ല. എല്ലാ ക്ഷേത്രവും ഏതെങ്കിലും വീട്ടുകാരുടേതാണ്. ഊരാണ്മ ഏതെങ്കിലും വീട്ടുകാർ ആയിരിക്കും. ദേവസ്വം ബോർഡ് ഉള്ളപ്പോഴും ആചാരപരമായി ആ വീട്ടുകാർക്കായിരിക്കും അതിന്റെ അവകാശം. ദേവസ്വം ബോർഡിന്റെ ക്ഷേത്രമാണെന്ന് പറയാമെന്ന് മാത്രം. അതുകൊണ്ടുതന്നെ ശബരിമല ക്ഷേത്രത്തിന്റെ ഉടമസ്ഥാവകാശം ഞങ്ങൾക്ക് വിട്ടുതരണം എന്ന് ആദിവാസികൾ പറയുന്നത് ആത്യന്തികമായി നേടിയെടുക്കാൻ കഴിയണം. ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട് വളരെ വലിയ ലോബികൾ അവിടെ പ്രവർത്തിക്കുന്നുണ്ട്. ശബരിമല ഒരു പബ്ലിക് സ്പെയ്സ് ആയി പ്രഖ്യാപിക്കപ്പെട്ടതോടെ അവരുടെ അധികാരങ്ങൾ നഷ്ടമാകുമോ എന്നതാണ് അവരുടെ ഭയം. എൻ.എസ്.എസിന്റെ പ്രശ്നം അതാണ്. അതുകൊണ്ടാണ് തന്ത്രികൾ പടിയിറങ്ങണം എന്നുതന്നെ പറയുന്നത്.

മറ്റൊരു ആശങ്കയുള്ളത് മലയരയർക്ക് ക്ഷേത്രത്തിന്റെ അവകാശം ലഭിച്ചാൽ സ്ത്രീകളെ പ്രവേശിപ്പിക്കുമോ എന്നതാണ്. അവർ സ്ത്രീകളെ പ്രവേശിപ്പിച്ചില്ലെങ്കിൽ പിന്നെ ഇപ്പോൾ ഈ നടക്കുന്ന ചർച്ചകളിലൊന്നും ഒരു കാര്യവുമില്ല. സ്ത്രീകൾ അവിടെ കയറിയിരിക്കണം. അത് തുല്യതയുടെ പ്രശ്നമാണ്. ആചാരം അങ്ങനെയല്ലെങ്കിൽ അത് പരിഷ്കരിക്കേണ്ടിവരും. ആചാരങ്ങൾ കാലോചിതമായി പരിഷ്കരിക്കണം. സ്ത്രീകളെ എങ്ങനെയെങ്കിലും അവിടെ എത്തിക്കുക എന്നതല്ല, ആധുനിക സമൂഹത്തിലെ നീതിയുടെ പ്രശ്നമായി അതിനെ കാണാൻ കഴിയണം. ആ നീതി നമുക്ക് ബാധകമല്ല എന്ന് പറയുന്നത് ശരിയല്ല. ആർ.എസ്.എസ് നേതാക്കൾ പോലും തന്ത്രിയോട് പറയുന്നത് പ്രശ്നം വച്ച് നോക്കിയിട്ട് എന്തെങ്കിലും സാധ്യതയുണ്ടെങ്കിൽ കയറ്റണം എന്നാണ്. തന്ത്രി അത്തരത്തിലൊരു സമ്മതം നൽകിയാൽ വിശ്വാസികളായ എല്ലാ സ്ത്രീകളും ശബരിമലയിൽ കയറിയിരിക്കും. അതാണ് ബ്രാഹ്മണ്യം. ആ ബ്രാഹ്മണ്യത്തോട് പുറത്തിറങ്ങാൻ പറഞ്ഞിട്ട് പിന്നെ ഞങ്ങളെ സ്ത്രീകളെ കയറ്റില്ല എന്ന് പറയുന്നതിൽ കാര്യമില്ല. ഇടതുപക്ഷം സ്വീകരിക്കുന്ന ഒരു സമീപനമുണ്ട്. കോടതി സ്ത്രീകൾക്ക് കയറാമെന്ന് പറഞ്ഞുതുകൊണ്ട് ഞങ്ങൾ കയറ്റുന്നു, കോടതി കയറ്ററുത് എന്ന് പറഞ്ഞാൽ ഞങ്ങൾ കയറ്റില്ല എന്നതാണ് ആ സമീപനം. ഇങ്ങനെയാണോ നിലപാടെടുക്കേണ്ടത്? കോടതി പറഞ്ഞു എന്നത് നമുക്ക് ഇപ്പോൾ കിട്ടിയ ഒരു പിടിവള്ളി മാത്രമാണ്. കോടതി പറഞ്ഞില്ലെങ്കിലും സ്ത്രീകൾ അവിടെ കയറണം എന്ന നിലപാടാണ് നമുക്ക് വേണ്ടത്. മനുഷ്യവംശത്തിന്റെ ഒരു പാതിയാണ് സ്ത്രീകൾ. അവരെ ശരീര ശുദ്ധിയുടെയും അശുദ്ധിയുടെയും കാര്യം പറഞ്ഞ് പുറത്തുനിർത്തുന്നത് തീർത്തുംമനുഷ്യത്വ വിരുദ്ധമാണ്. അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും പാടില്ല എന്ന നിലപാടാണ് എനിക്കുള്ളത്.

ശബരിമലയിലെ അധികാരത്തെ ജനാധിപത്യവത്കരിക്കുന്ന ഒരു പ്രക്രിയ ഇതോടുകൂടി ആരംഭിച്ചിരിക്കുകയാണ്. ആദിവാസി സമൂഹത്തിലെ ഒരു പൂജാരി അവിടെ തന്നെ പരികർമ്മിയാക്കണം എന്ന് അപേക്ഷിച്ചാൽ നീ മലയാളി ബ്രാഹ്മണൻ അല്ലാത്തതുകൊണ്ട് ഇവിടെ വരരുത് എന്ന് പറയാൻ കഴിയില്ല എന്നതാണ് ഈ മൂവ്മെന്റിന്റെ പ്രാധാന്യം. സ്ത്രീകൾ അവിടെ പ്രവേശിക്കാൻ ചെന്നപ്പോൾ മേൽശാന്തിമാർ അല്ലാത്ത പരികർമ്മികൾ എന്ന് പറയുന്ന കുറേപ്പേർ ചാടിയിറങ്ങി വന്ന് വഴി തടഞ്ഞിരുന്നു. സംവരണം നിലവിലുണ്ടായിരുന്നെങ്കിൽ ആ പരികർമ്മികൾക്കിടയിൽ ഒരു എതിർശബ്ദം ഉണ്ടാകുമായിരുന്നു. നിലവിൽ അവരെല്ലാം ബ്രാഹ്മണർ മാത്രമായതുകൊണ്ടാണ് സ്ത്രീകളെ തടയുന്നകാര്യത്തിൽ അഭിപ്രായ വ്യത്യാസം ഇല്ലാതെ പോയത്. ബ്രാഹ്മണർക്ക് സൗകര്യമുള്ളതുപോലെ, അവരുടെ അധികാരത്തിന് കോട്ടം വരാത്തതരത്തിൽ നിശ്ചിക്കുന്ന

താണ് തന്ത്രവിധികൾ എന്ന കാര്യം ഇപ്പോൾ വ്യക്തമായിട്ടുണ്ട്. സ്ത്രീകൾക്കുള്ള വിലക്ക് കോടതി കൂടി നീക്കിയ സാഹചര്യത്തിൽ ഇനിയുള്ള ഏത് മൂവ്മെന്റും സ്ത്രീകൾ അവിടെ പ്രവേശിക്കണം എന്ന നിലപാടാണ് സ്വീകരിക്കേണ്ടത്. അതിന് നമ്മുടേതായ വിശ്വാസങ്ങളിൽ എന്തെങ്കിലും തിരുത്ത് വരുത്തണമെങ്കിൽ ആ തിരുത്താണ് ആദ്യം വരുത്തേണ്ടത്.

നമുക്കിടയിൽ വലിയ തരത്തിൽ ബ്രാഹ്മണ്യവത്കരണം നടക്കുന്നുണ്ട്. നമ്മൾ ഉപയോഗിക്കുന്ന പലതും ബ്രാഹ്മണ്യത്തിന്റെ ഭാഗമായ വാക്കുകളാണ്. കേരള സമൂഹത്തെ ഡീബ്രാഹ്മണൈസ് ചെയ്യാനുള്ള ഒരു ബ്രാഹ്മണ്യവിരുദ്ധ പ്രസ്ഥാനമായി 'ശബരിമല ആദിവാസികൾക്ക്' എന്ന ഈ മൂവ്മെന്റ് മാറേണ്ടതുണ്ട്. അതാണ് നമ്മുടെ ആത്യന്തികലക്ഷ്യം. ആദിവാസികളുടെ അവകാശങ്ങളും സ്ത്രീകളുടെ തുല്യതയും സാധ്യമാകണമെങ്കിൽ ഡീബ്രാഹ്മണൈസേഷൻ നടക്കേണ്ടതുണ്ട്. അതിന്റെ പ്രോജ്ജ്വലമായ തുടക്കമാണ് തന്ത്രികൾ പടിയിറങ്ങുക എന്ന വാക്യം. ഇതിന്റെ ഒരു പരിസമാപ്തി ശബരിമലയിൽ മേൽശാന്തിയായി ആദിവാസി വിഭാഗത്തിൽ നിന്നും ഒരാൾ ഉണ്ടാകണം എന്നത് മാത്രമല്ല, കേരളം തന്നെ ഭരിക്കുന്നതിൽ വരെ ആ വിഭാഗത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലേക്ക് ഈ മൂവ്മെന്റ് വളരണം എന്നതാണ്.

# ശബരിമലയിൽ ആദിവാസികൾക്ക് അവകാശമുണ്ട്

ശബരിമലയെ സംബന്ധിച്ച മലഅരയരുടെ വാമൊഴി ചരിത്രത്തിന് നിയമസാധുത ലഭിക്കേണ്ടതുണ്ട് എന്ന് മലഅരയ സമുദായാംഗവും സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിൽ അധ്യാപകനുമായ **ഡോ. അഭിലാഷ്. ടി**

**എന്റെ** ഡിഗ്രി പഠനകാലത്താണ് മുത്തങ്ങ സമരം നടക്കുന്നത്. പിന്നീട് ഗവേഷണം നടത്തിയിരുന്ന കാലത്താണ് മുത്തങ്ങസമരം ആദിവാസികളുടെ ആധുനികതയുടെ കണ്ടെത്തലായി തിരിച്ചറിയുന്നത്. ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി വീണ്ടെടുക്കാനുള്ള സ്വയം നിർണ്ണയാവകാശം സ്ഥാപിക്കുക കൂടി ചെയ്ത സമരമാണ് മുത്തങ്ങ. കേരളത്തിന്റെ പൊതുസമൂഹം ഒരു പരിധി വരെയെങ്കിലും ഏറ്റെടുത്ത സമരം കൂടിയാണത്. ഒരു പതിറ്റാണ്ടിനുശേഷം ഒരൊറ്റ കോടതി വിധിയിലൂടെ കേരളമിതുവരെ ആർജിച്ച മൂല്യത്തിന് വളരെയധികം വെല്ലുവിളി നേരിടേണ്ടി വരികയാണ്. സ്റ്റേറ്റ് തന്നെ ഏറ്റവും വലിയ പ്രതിസന്ധികളിലേക്ക് കടന്നുചെല്ലുന്ന ഘട്ടത്തിലാണ് ആദിവാസികൾ സഹായവുമായെത്തുന്നത്. ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട് മലഅരയ സമുദായത്തിന്റെ ചരിത്രവുമായി അവർ മുന്നോട്ടുവന്നിരിക്കുകയാണ്. മലഅരയ സമുദായത്തിലെ അഞ്ചാം തലമുറക്കാരനാണ് ഞാൻ. ശബരിമലയുമായി ബന്ധപ്പെട്ട് ഒരുപാട് കഥകൾ കേട്ടാണ് ഞാൻ വളർന്നത്. കുഞ്ഞുനാളിൽ ശബരിമലയിലെത്തുമ്പോഴെല്ലാം കേൾക്കുന്നത് ആദിവാസികളുടെ കഥകളാണ്. ആറാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ഞാൻ ആദ്യമായി ശബരിമലയിൽ പോകുന്നത്. അപ്പാച്ചിമേട്ടിൽ അരിയുണ്ട എറിയുന്ന ഒരു ചടങ്ങുണ്ട്. പതിനെട്ടു മലകൾക്ക് ചുറ്റും താമസിക്കുന്ന ആദിവാസികൾ ശബരിമലയ്ക്ക് പോകുമ്പോൾ മലകളുടെ താഴ്‌വാരങ്ങളിൽ താമസിക്കുന്ന ഞങ്ങളുടെ ബന്ധുക്കൾക്ക് അരിയുണ്ട എറിഞ്ഞു കൊടുത്ത് പെട്ടെന്ന് മല കയറാറായിരുന്നു പതിവ്. ഇതാണ് പിന്നീട് കാട്ടാളരെ എറിയുന്ന ചടങ്ങായി മാറിയത്. ഇത് ഒരുതരം ഏറ്റെടുക്കലാണ്. നമുക്കൊരു വാമൊഴി ചരിത്രമുണ്ട്. വാമൊഴിയായി പറഞ്ഞുപരക്കുന്നത് ആദിവാസികളെ സംബന്ധിച്ച് കെട്ടുകഥകളല്ല. ഞങ്ങളുടെ അനുഭവങ്ങളാണ്.

ആധുനിക കാലത്ത് ആദിവാസി ചരിത്രം രേഖപ്പെടുത്തപ്പെടേണ്ടത് സാഹചര്യത്തെളിവുകളുടെയും അടിസ്ഥാനപ്രമാണങ്ങളുടെയും അടിത്തറയിൽ കൂടിയാണ്. ഒരുദാഹരണം പറയാം. 1845 ൽ ആണെന്നു തോന്നുന്നു ബ്രിട്ടീഷ് നാവികനായ ജോൺ ഫ്രാങ്ക്ളിൻ മഞ്ഞുമൂടി കിടക്കുന്ന ആർട്ടിക്ക് സമുദ്രത്തിലൂടെ ഏഷ്യയിലേക്കൊരു കപ്പൽച്ചാൽ തീർക്കാനായി പുറപ്പെട്ടു. 150 പേരോളമുണ്ടായിരുന്ന സംഘത്തോടൊപ്പം രണ്ട് കപ്പലുകളിലായായിരുന്നു യാത്ര. വർഷങ്ങൾക്കു ശേഷവും ആ കപ്പലുകൾ തിരിച്ചുവന്നില്ല. ഒടുവിൽ 2013 ൽ ആ കപ്പലുകളെ സംബന്ധിച്ച വിവരങ്ങൾ പുറം ലോകമറിഞ്ഞത് ആ പ്രദേശത്ത് താമസിക്കുന്ന ആദിവാസികളിൽ